**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം കേന്ദ്രങ്ങൾക്കായി ഏകീകൃത വെബ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇക്കോ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി വനം വകുപ്പിന്റെ ഏകീകൃത വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. ഇ-ടിക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളെയും കോർത്തിണക്കികൊണ്ട് വനം വകുപ്പ് ഒരു കേന്ദ്രീകൃത ഇക്കോടൂറിസം വെബ് സൈറ്റും, മൊബൈൽ ആപ്പും ആരംഭിച്ചിട്ടുണ്ട്. www.ecotourism.forest.kerala.gov.in എന്ന വെബ് സൈറ്റ് വഴി പൊതു ജനങ്ങൾക്ക് കേരള വനം വകുപ്പിന്റെ കീഴിലുള്ള പ്രകൃതി രമണീയമായ ഇക്കോടൂറിസം കേന്ദ്രങ്ങളെ അടുത്തറിയുവാനും, അവിടത്തെ സന്ദർശനം ബുക്ക് ചെയ്യുവാനും സാധിക്കും. ഇക്കോ ടൂറിസ്റ്റ് സ്ഥലങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ കാണുവാനും തിരയുവാനും, കൂടാതെ വനം വകുപ്പിൽ നടക്കുന്ന വിവിധ ഇക്കോടൂറിസം പ്രവർത്തനങ്ങൾ, പദ്ധതികൾ, മറ്റു പ്രവർത്തനങ്ങൾ, ബ്ലോഗുകൾ എന്നിവ ഈ വെബ്സൈറ്റിലൂടെ വായിക്കുവാനും അറിയുവാനും സാധിക്കുന്നതാണ്.<br><br>പ്രൊഫൈൽ രജിസ്ട്രേഷൻ, ഇ-ടിക്കറ്റിങ്, ടിക്കറ്റ് റിസർവേഷൻ, ക്യാൻസലേഷൻ, റീഫണ്ട്, വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, സാങ്കേതിക സഹായം, ഉപഭോക്തൃ സേവനം, വനശ്രീ ഉൽപന്നങ്ങൾ ഓൺലൈനിലൂടെ വാങ്ങാനുള്ള സൗകര്യം എന്നിവയും ഈ വെബ് സൈറ്റ് വഴി നടത്താവുന്നതാണ്. വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളും, അവയുടെ കീഴിൽ നടപ്പാക്കുന്ന ഇക്കോടൂറിസം പാക്കേജുകളുടെ വിശദാംശങ്ങൾ എന്നിവയും ഈ വെബ് പോർട്ടൽ വഴി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇതേ സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | അടങ്ങിയ Kerala Forest Ecotourism ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവയിലും ലഭ്യമാണ്. |
| (ബി) | വെബ് പോർട്ടലിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പിന് കീഴിലുള്ള 80 ഇക്കോടൂറിസം കേന്ദ്രങ്ങളെയും വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അതനുസരിച്ച് വർഷത്തിൽ എത്ര സഞ്ചാരികളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ കണക്ക് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. 2022 വർഷത്തിൽ 56,37,632 പേരും, 2023 വർഷത്തിൽ 68,68,942 പേരും, 2024 വർഷത്തിൽ 71,83,680 പേരും സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ